REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 15-05-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് .
- സംസ്ഥാന മന്ത്രിസഭായോഗം രാവിലെ ഓൺലൈനായി ചേരും.
- ഡ്രൈവിംഗ് ടെസ്റ്റ് പ്രതിസന്ധി പരിഹരിക്കാൻ ഡ്രൈവിംഗ് സംസ്ഥാനത്തെ സ്കൂൾ ഉടമകളുമായി മന്ത്രി KB ഗണേഷ്കുമാർ വൈകിട്ട് ചർച്ച നടത്തും.
- നാലുവർഷ ബിരുദ കോഴ്സിന് അധ്യാപക - അനധ്യാപക സംഘടനകൾ പൂർണ പിന്തുണ വാഗ്ദാനം ചെയ്തതായി മന്ത്രി ഡോ. R ബിന്ദു.
- IPL ക്രിക്കറ്റിൽ ഡൽഹി കാപ്പിറ്റൽസ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

**ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിലെ നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടക്കും. ഇന്നലെ വൈകിട്ട് പത്രികാ സമർപ്പണം പൂർത്തിയായി. പ്രധാനമന്ത്രി നരേന്ദ്രമോദിയടക്കം പ്രമുഖ നേതാക്കൾ ഇന്നലെ പത്രിക നൽകി.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)..........**

വാരണാസിയിൽ മൂന്നാം തവണയും മത്സരിക്കുന്ന നരേന്ദ്രമോദിയ്ക്കെതിരെ കോൺഗ്രസിലെ അജയ് റായിയാണ് സ്ഥാനാർത്ഥി. ഹിമാചൽപ്രദേശിലെ മാണ്ഡിയിൽ BJP നേതാവ് കങ്കണ റാവത്ത് പത്രിക നൽകി. വിക്രമാദിത്യസിംഗ് ആണ് മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥി. ഛണ്ഡീഗഡിൽ കോൺഗ്രസ് നേതാവ് മനീഷ് തിവാരി പത്രിക നൽകി. BJP യിലെ സഞ്ജയ് ടാണ്ഡൻ അദ്ദേഹത്തെ നേരിടും. അനന്തപ്പൂർ സാഹിബ് സീറ്റിൽ BJP യുടെ ഡോ. സുഭാഷ് ശർമ്മയും, ആം ആദ്മി പാർട്ടിയിലെ മൽവീന്ദർ കാങും, ശിരോമണി അകാലിദളിലെ പ്രേംസിംഗും പത്രിക നൽകിയവരിലുൾപ്പെടുന്നു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ശേഷിക്കുന്ന അഞ്ച്, ആറ്, ഏഴ് ഘട്ടങ്ങളിലെ പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. രാഷ്ട്രീയ പാർട്ടികളും, മുന്നണികളും പ്രമുഖ നേതാക്കളെ രംഗത്തിറക്കി പ്രചാരണം ശക്തമാക്കി. ഝാർഖണ്ഡിലെ കോഡെർമയിൽ ഇന്നലെ പ്രധാനമന്ത്രി നരേന്ദ്രമോദി പൊതുസമ്മേളനത്തിൽ പങ്കെടുത്തു. BJP അധ്യക്ഷൻ JP നദ്ദ, UP മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, രാഹുൽഗാന്ധി, പ്രിയങ്കാ ഗാന്ധി, സമാജ്-വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് തുടങ്ങിയവർ പ്രചാരണ രംഗത്ത് സജീവമാണ്.

നരേന്ദ്രമോദി ഇന്ന് മഹാരാഷ്ട്രയിലെ ഖാട്കോപ്പറിൽ വൈകിട്ട് റോഡ്ഷോ സംഘടിപ്പിക്കും.

✪✪✪

രാജസ്ഥാനിലെ നീം കാ താന ജില്ലയിൽ ഹിന്ദുസ്ഥാൻ കോപ്പർ ലിമിറ്റഡിന്റെ ഖനിയിൽ ഉദ്യോഗസ്ഥരും വിജിലൻസ് സംഘവും കുടുങ്ങി. ഉദ്യോഗസ്ഥരെ കൊണ്ടുപോകാൻ ഉപയോഗിക്കുന്ന വെർട്ടിക്കൽ ഷാഫ്റ്റ് തകർന്നാണ് 14 ഉദ്യോഗസ്ഥരും വിജിലൻസ് ടീമിലെ അംഗങ്ങളും ഖനിയിൽ കുടുങ്ങിയത്. ഇവരെ രക്ഷിക്കാനായി രക്ഷാ സംഘം എത്തിയതായി പൊലീസ് അറിയിച്ചു.

✪✪✪

സംസ്ഥാന മന്ത്രിസഭായോഗം രാവിലെ ചേരും. മുഖ്യമന്ത്രി പിണറായി വിജയൻ വിദേശത്തായതിനാൽ ഓൺലൈനായാണ് യോഗം.

മുഖ്യമന്ത്രിയുടെ യാത്രയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ ആഴ്ച മന്ത്രിസഭാ യോഗം മാറ്റി വച്ചിരുന്നു. നിയമസഭാ സമ്മേളന തിയതി ഇന്നത്തെ യോഗത്തിൽ തീരുമാനിച്ചേക്കുമെന്ന് റിപ്പോർട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ ഡ്രൈവിംഗ് ടെസ്റ്റ് പ്രതിസന്ധി പരിഹരിക്കാൻ ഡ്രൈവിംഗ് സ്കൂൾ ഉടമകളുടെ യൂണിയനുകളുമായി മന്ത്രി KB ഗണേഷ്കുമാർ ചർച്ച നടത്തും. തിരുവനന്തപുരത്ത് മന്ത്രിയുടെ ചേമ്പറിൽ വൈകിട്ട് മൂന്നിനാണ് ചർച്ച. ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്ക്കരണത്തിനെതിരെ ഡ്രൈവിംഗ് സ്കൂൾ ഉടമകൾ പ്രതിഷേധ സമരം നടത്തുന്നതു മൂലം കഴിഞ്ഞ ദിവസങ്ങളിൽ ടെസ്റ്റുകൾ തടസ്സപ്പെട്ടിരുന്നു.

✪✪✪

മഞ്ഞപ്പിത്തം വ്യാപിക്കുന്നതായി കണ്ടെത്തിയ കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിൽ രോഗപ്രതിരോധ നടപടികൾ ശക്തമാക്കാൻ മന്ത്രി വീണാ ജോർജ് നിർദ്ദേശം നൽകി. മലപ്പുറത്തെ ചാലിയാർ, പോത്തുകൽ ഭാഗങ്ങളിൽ ഹെപ്പറ്റൈറ്റിസ് മരണം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യവകുപ്പ് നടപ്പാക്കിവരുന്ന പ്രതിരോധ അവബോധ പ്രവർത്തനങ്ങൾ മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗം വിലയിരുത്തി.

രോഗബാധിത പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്യാൻ നിർദ്ദേശം നൽകി. മലിനജലം ഉപയോഗിക്കാതിരിക്കാൻ പരമാവധി ജാഗ്രത പുലർത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. യാത്രാവേളകളിൽ വെള്ളവും, ഐസും ഉപയോഗിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും മഞ്ഞപ്പിത്തമടക്കം ജലജന്യ രോഗങ്ങൾക്ക് സാധ്യതയേറെയാണെന്ന് മന്ത്രി ഓർമ്മിപ്പിച്ചു.

✪✪✪

രാജ്യതാൽപര്യത്തിന് എല്ലാത്തിനുമുപരി പ്രാമുഖ്യം നൽകണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ജനങ്ങളോട് ആവശ്യപ്പെട്ടു. പാർലമെന്റ് ഹൗസിൽ ഡോ. സുഭാഷ് കശ്യപിന്റെ ഭഗവത് ഗീതാ വ്യാഖ്യാനം പ്രകാശനചടങ്ങിൽ സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി.

✪✪✪

ഇന്ന് അന്താരാഷ്ട്ര കുടുംബ ദിനം. കുടുംബവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിനായാണ് 1993 ൽ ഐക്യരാഷ്ട്രസഭ പൊതുസഭ അന്താരാഷ്ട്ര കുടുംബ ദിനം ആരംഭിച്ചത് .

'വൈവിധ്യങ്ങളെ ആലിംഗനം ചെയ്യുക, കുടുംബങ്ങളെ ശക്തിപ്പെടുത്തുക' എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര കുടുംബദിന സന്ദേശം.

✪✪✪

മൊബൈൽ നമ്പർ വിച്ഛേദിക്കുമെന്ന തരത്തിൽ വരുന്ന ഭീഷണികോളുകളും, ഗവൺമെന്റ് ഉദ്യോഗസ്ഥരാണെന്ന വ്യാജേന വിദേശത്ത് നിന്ന് വരുന്ന വാട്ട്സ്ആപ്പ് കോളുകളും അവഗണിക്കണമെന്ന് ടെലി കമ്മ്യൂണിക്കേഷൻ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇത്തരം സംഭവങ്ങൾ സൈബർ ക്രൈം ഹെൽപ്പ് ലൈൻ നമ്പറായ 1930 ൽ റിപ്പോർട്ട് ചെയ്യണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

✪✪✪

നാലുവർഷ ബിരുദ കോഴ്സിന് എല്ലാ അധ്യാപക - അനധ്യാപക സംഘടനകളും പൂർണ പിന്തുണ വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. ജൂലൈ ഒന്നിന് നാലുവർഷ ബിരുദ പ്രോഗ്രാം ലോഞ്ച് നടത്തും. ഇതുമായി ബന്ധപ്പെട്ട് സർവകലാശാല - കോളജ് അധ്യാപക സംഘടനകളുടെയും, അനധ്യാപക സംഘടനകളുടെയും യോഗം ഇന്നലെ തിരുവനന്തപുരത്ത് ചേർന്നു. സംഘടനകൾ ഉന്നയിച്ച ആശങ്കകൾ യോഗം ചർച്ച ചെയ്തതായി മന്ത്രി അറിയിച്ചു. അധ്യാപകർക്കും ജീവനക്കാർക്കുമായി പ്രത്യേക പരിശീലന പരിപാടി ഒരുക്കുമെന്നും ഡോ. ബിന്ദു പറഞ്ഞു.

✪✪✪

തിരുവനന്തപുരത്തെ മിൽമ തൊഴിലാളികളുടെ സമരം പിൻവലിച്ചു. എല്ലാ യൂണിയനുകളും സമരത്തിൽ നിന്ന് പിന്മാറിയിട്ടുണ്ട്. ഇന്ന് ബോർഡ് യോഗം ചേർന്ന് തൊഴിലാളികളുടെ ആവശ്യങ്ങളിൽ തീരുമാനമെടുക്കും. ഉയർന്ന ഉദ്യോഗസ്ഥർക്ക് മാത്രം പ്രമോഷൻ നൽകുന്നുവെന്ന് ആരോപിച്ചാണ് INTUC - CITU യൂണിയനുകൾ മിന്നൽ പണിമുടക്ക് നടത്തിയത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ സമരം നടന്നു. ഇതേതുടർന്ന് ക്ഷീര സംഘങ്ങളിൽ നിന്ന് പാൽ സ്വീകരിച്ചെങ്കിലും വിതരണം സ്തംഭിച്ചിരുന്നു.

✪✪✪

കോഴിക്കോട് പന്തീരങ്കാവിൽ നവവധുവിന് ക്രൂര മർദനമേറ്റ സംഭവത്തിൽ വനിതാ ശിശുവികസന വകുപ്പ് നിയമ സഹായമുൾപ്പെടെ നൽകി പിന്തുണയ്ക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. സംഭവത്തിൽ അന്വേഷണത്തിന് വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർ യുവതിയുടെ ബന്ധുക്കളുമായി ആശയ വിനിമയം നടത്തി. സംഭവം അത്യന്തം ക്രൂരവും മനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്നതുമാണെന്ന് മന്ത്രി പറഞ്ഞു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നിയമ നടപടിയുണ്ടാകുമെന്ന് വീണാ ജോർജ് അറിയിച്ചു.

ഗാർഹികപീഡനത്തിന് ഇരയായെന്ന പരാതി ലഭിച്ചിട്ടും യഥാസമയം കേസെടുക്കാൻ വൈമുഖ്യം കാണിച്ചെന്ന പരാതിയിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തിട്ടുണ്ട്. കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കണമെന്ന് കമ്മീഷൻ ആക്റ്റിങ് ചെയർ പേഴ്സണും ജുഡീഷ്യൽ അംഗവുമായ K. ബൈജു നാഥ് ആവശ്യപ്പെട്ടു. അടുത്ത മാസത്തെ സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

✪✪✪

KSRTC ജീവനക്കാരുടെ ഏപ്രിൽ മാസത്തെ ശമ്പളത്തിന്റെ വിതരണത്തിന് 30 കോടി രൂപ ധന വകുപ്പ് അനുവദിച്ചു. ട്രഷറി നടപടി പൂർത്തിയാക്കി ഇത് വിതരണം ചെയ്യാനാകുമെന്നാണ് KSRTC യുടെ പ്രതീക്ഷ. 40 കോടി രൂപയാണ് ശമ്പള വിതരണത്തിന് വേണ്ടത്. 10 കോടി രൂപ KSRTC ഓവർ ഡ്രാഫ്റ്റ് കൂടിയെടുത്താണ് വിതരണം ചെയ്യുക.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹി കാപ്പിറ്റൽസ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ തോൽപ്പിച്ചു. ഡൽഹിയിൽ 19 റൺസിനാണ് ആതിഥേയരുടെ ജയം.

ഇന്ന് രാജസ്ഥാൻ റോയൽസ് പഞ്ചാബ് കിംഗ്സിനെ നേരിടും.വൈകിട്ട് ഏഴരയ്ക്ക് ഗോഹട്ടിയിലാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് മഴസാധ്യത മുൻനിർത്തി ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മഞ്ഞജാഗ്രത നൽകി. നാളെ പത്തനംതിട്ട,

ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിലും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. ശക്തമായ മഴയ്ക്കൊപ്പം മിന്നൽ ഉണ്ടാകാനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിന് നാളെ നീരെഴുന്നെള്ളത്തോടെ തുടക്കമാവും. 22ന് ഭണ്ഡാരമെഴുന്നള്ളത്തിന് ശേഷമായിരിക്കും സത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം. ജൂൺ 17 വരെയാണ് വൈശാഖ മഹോത്സവം.

✪✪✪

KEEM പ്രവേശന പരീക്ഷയ്ക്കു നൽകിയ അപേക്ഷയിലെ ഫോട്ടോ, ഒപ്പ്, പേര് എന്നിവ പരിശോധിക്കാൻ ഇന്ന് കൂടി സമയം അനുവദിച്ചു. വൈകിട്ട് മൂന്നു വരെ അപേക്ഷാ വിവരങ്ങൾ പരിശോധിക്കാമെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ അറിയിച്ചു.

✪✪✪

ലക്ഷദ്വീപിലെ ഹൈസ്പീഡ് വെസൽ ജീവനക്കാർ അനിശ്ചിതകാല പണിമുടക്ക് തുടങ്ങി. ഇതിനെ തുടർന്ന് കൊച്ചി- മംഗലാപുരം സർവീസുകളും, ദ്വീപുകൾക്കിടയിലെ ഗതാഗതവും തടസ്സപ്പെട്ടു. വേതന പരിഷ്ക്കരണം അപര്യാപ്തമാണെന്ന് ആരോപിച്ചാണ് വെസലുകളിലെ ജീവനക്കാർ പണിമുടക്ക് ആരംഭിച്ചത്.

✪✪✪

സംസ്ഥാനത്ത് പുതിയ അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് കളിലേക്ക് നാളെ മുതൽ ഓൺലൈൻ അപേക്ഷ സ്വീകരിക്കും. ഏകജാലക സംവിധാനം വഴിയാണ് പ്രവേശനം . ഈ മാസം 25 വരെ അപേക്ഷിക്കാം.

✪✪✪

ഇടവമാസ പൂജയ്ക്കും, പ്രതിഷ്ഠാ ദിനചടങ്ങുകൾക്കുമായി ശബരിമലയിൽ ഇന്നലെ നട തുറന്നു. ഇടവം ഒന്നായ ഇന്ന് പുലർച്ചെ പതിവുപൂജകൾ ആരംഭിച്ചു. പ്രതിഷ്ഠാ ദിനമായ ഞായറാഴ്ച്ച വരെയാണ് പൂജകൾ. അന്ന് അത്താഴപൂജയ്ക്കു ശേഷം നടയടയ്ക്കും.

✪✪✪

അങ്കണവാടിയിൽ കുഞ്ഞിന് തിളച്ച പാൽ നൽകി പൊള്ളലേറ്റ സംഭവത്തിൽ അങ്കണവാടി ജീവനക്കാരെ സസ്പെൻഡ് ചെയ്തു. കണ്ണൂർ പിണറായി കോളാട് അങ്കണവാടി അധ്യാപിക V. രജിത, ഹെൽപ്പർ V. ഷീബ എന്നിവരെയാണ് സസ്പെൻഡ് ചെയതത്. ഷീബയ്ക്കെതിരെ പോലിസും, ബാലവകാശ കമ്മിഷനും കേസെടുത്തു.

✪✪✪

കൺസ്യൂമർഫെഡ്, ബിവറേജസ് ഔട്‌ലറ്റുകളിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ മദ്യവില്പനയ്ക്ക് കമ്മീഷൻ നൽകുന്നതായി കണ്ടെത്തി. ഒരു മദ്യക്കമ്പനി ഏജന്റിൽ നിന്ന് രണ്ട് ലക്ഷത്തോളം രൂപ കണ്ടെടുത്തു. പാലക്കാട് മുണ്ടൂർ കൺസ്യൂമർഫെഡ് ഔട്‌ലറ്റിൽ നിന്ന് ലഭിച്ച രേഖകളിൽ നിന്ന് വിവിധ മദ്യക്കമ്പനികൾ ജീവനക്കാർക്ക് കമ്മീഷൻ നൽകുന്നതിന്റെ കണക്കുകൾ വിജിലൻസ് കണ്ടെത്തി.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇന്ത്യയിൽ ഒരിടത്തും കാണാത്ത തരം തെറ്റായ പ്രചാരണമാണ് ഇടത്, വലത് മുന്നണികൾ വടകരയിൽ നടത്തിയതെന്ന് BJP കോഴിക്കോട് ജില്ലാ പ്രസിഡന്റ് V.K സജീവൻ കുറ്റപ്പെടുത്തി. വികസനത്തിന്റെ പേരിൽ വടകരയിൽ വോട്ട് ചോദിച്ചത് BJP യും NDA യെയും മാത്രമാണെന്നും സജീവൻ പറഞ്ഞു.

✪✪✪